## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4204. 16.03.2017 ന് മറുപടിയ്ക്ക്

## മദ്യത്തിനും മയക്കമരുന്നിനുമെതിരെയുള്ള സമീപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>,, കെ.സി.ജോസഫ്<br>,, പി.ടി. തോമസ്<br>,, അൻവർ സാദത്ത് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ മദ്യത്തിനും മയക്ക മരുന്നിനുമെതിരെ വിട്ടുവീഴ്ചയില്ലാത്ത എന്തെല്ലാം സമീപനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ; | (എ) | അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധ വത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്ക മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്ക്കരണ മിഷന് 6.10.2016 ലെ ജി.ഒ.(എം.എസ്)94/16/നി.വ. ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. മദ്യ-മയക്കമരുന്ന്, പുകയില ഉപഭോഗത്തിനെതിരെയുള്ള ബോധവത്ക്കരണവും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ കടത്തൽ, ശേഖരണം, ഉറവിടം എന്നിവ കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് ബഹുജന പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുമാണ് ടി മിഷൻ രൂപീകരിച്ചിട്ടുള്ളത്.<br>സ്കൂൾ/കോളേജ്, ലഹരിവിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി യുവജന-മഹിളാ-സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "ലഹരിമുക്തകേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളും പദ്ധതികളും ആണ് നടപ്പാക്കിയത് ; വിവരിക്കാമോ; | (ബി) | അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, ക്ളബ്ബ് പ്രവർത്തകർ, ക്ളബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു.<br><br>"വിമുക്തി" മിഷന്റെ നേതൃത്വത്തിൽ 2017 ജനുവരി 30 ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ളികളിലും വിദ്യാർത്ഥികളും, അധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും "വിമുക്തി" സ്റ്റിക്കർ പതിക്കുന്നതിനുള്ള നടപടി 2017 മാർച്ച് 8 ന് ആരംഭിക്കുകയുമുണ്ടായി. മാർച്ച് 31 നകം ഈ പ്രവർത്തനം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. "വിമുക്തി" മിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും 50,000/- രൂപ വീതവും എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും 25,000/- രൂപ വീതവും ഇതിനകം അനുവദിച്ച നല്കിയിട്ടുണ്ട്. പി.റ്റി.എ.കളുമായി സഹകരിച്ചു ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്ക്കരണ ക്ളാസ്സുകളും, പൊതുവായി 2527 ഓളം ബോധവത്ക്കരണ പരിപാടികളും, ചർച്ചകളും, പ്രഭാഷണങ്ങളും ഇതിനകം നടത്തിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/ കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ളബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. സാമൂഹിക, ക്രിയാത്മകമായ ചുവടുവയ്പ്പുകൾ, സ്കൂൾ/കോളേജ്, വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാനങ്ങൾ, മദ്യവും - മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ ഉദ്ദേശിച്ചുള്ള തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ